# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1932 04.12.2018 ൽ മറുപടിയ്ക്ക്**

**<u>ഡിജിലോക്കർ</u>**

| ചോദ്യം<br>ശ്രീ.കെ.എൻ.എ ഖാദർ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഡ്രൈവിംഗ് ലൈസൻസ്, വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് മുതലായ വാഹനത്തിൽ സൂക്ഷിക്കേണ്ട രേഖകളുടെ ഡിജിറ്റൽ പതിപ്പുകൾ വാഹനപരിശോധനാ സമയത്ത് ഹാജരാക്കുന്നതിന് ഉത്തരവിറക്കിയതിനുശേഷം നിലവിലുള്ള രേഖകൾ ഡിജിറ്റൈസ് ചെയ്ത് മൊബൈലുകളിൽ സൂക്ഷിക്കാൻ എന്ത് സംവിധാനമാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കാമോ; | (എ) | നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും ഇതിനാവശ്യമായ ഭേദഗതി വരുത്തിയാൽ മാത്രമേ ഡിജി ലോക്കർ സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) | ഇതിനായി രൂപകല്പന ചെയ്തിട്ടുള്ള ഡിജിലോക്കർ എന്ന ആപ്ലിക്കേഷനിൽ നിലവിലുള്ള രേഖകൾ സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യാൻ കഴിയുന്നില്ലെന്നും സേവ് ചെയ്തിട്ടുള്ള വിവരങ്ങൾ സമയബന്ധിതമായി തിരികെ ലഭിക്കുന്നില്ലെന്നും മറ്റുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനു പകരമായി മോട്ടോർവാഹന വകുപ്പ് എന്തെങ്കിലും ആപ്ലിക്കേഷനുകൾ തയ്യാറാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ബി) | ഡിജി ലോക്കർ സംവിധാനം സംസ്ഥാനത്ത് നടപ്പിൽ വരുത്തിയതിനുശേഷം മാത്രമേ സോഫ്റ്റ് വെയറിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടോ എന്നും മറ്റ് അപ്ലിക്കേഷനുകൾ തയ്യാറാക്കേണ്ടതുണ്ടോ എന്നുമുള്ള കാര്യങ്ങളിൽ തീരുമാനമെടുക്കാനാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ